# ഇൻഡ്യാ റിസർവ്വ് ബറ്റാലിയൻ കമാൻഡോ വിഭാഗത്തിലേയ്ക്ക് സ്പെഷ്യൽ സെലക്ഷൻ ബോർഡ് മുഖാന്തിരം പോലീസ് കോൺസ്റ്റബിൾ (പുരുഷൻമാർ മാത്രം) മാരുടെ തിരഞ്ഞെടുപ്പ്

**അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി. 30 /12 /09**

1. വകുപ്പ് : പോലീസ് (ഇൻഡ്യാറിസർവ്വ് ബറ്റാലിയൻ കമാൻഡോവിങ്)
2. ഉദ്യോഗപ്പേര് . : പോലീസ് കോൺസ്റ്റബിൾ
3. ശമ്പളസ്കെയിൽ : 6080—9830 രൂപ
4. ഒഴിവുകളുടെ എണ്ണം : 200 (ഇരുന്നൂറ്)
5. നിയമനരീതി : 27-01-09 ലെ G.O (P) 24/09/Home പ്രകാരമുള്ള Special Selection Board മുഖേന നേരിട്ടുള്ള നിയമനം.

കുറിപ്പ്- : സ്ത്രീകൾക്കും വികലാംഗർക്കും ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല

6. പ്രായപരിധി : 01.01.09 ൽ 18 വയസ്സ് തികയേണ്ടതും 22 വയസ്സ് കവിയാൻ പാടുള്ളതുമല്ല. പ്രായപരിധിയിൽ ഒരു പ്രത്യേക വിഭാഗത്തിനും ഇളവ് അനുവദിക്കുന്നതല്ല.
7. യോഗ്യതകൾ : എസ്.എസ്.എൽ.സിയോ തത്തുല്ല്യമായ പരീക്ഷയോ ജയിച്ചിരിക്കണം. യോഗ്യതയുടെ കാര്യത്തിൽ ഒരു പ്രത്യേക വിഭാഗത്തിനും ഇളവ് അനുവദിക്കുന്നതല്ല.
8. ശാരീരിക യോഗ്യതകൾ :

(എ) (1) ഉയരം 167 സെ മീ,

(2) നെഞ്ചളവ് 81 സെ.മീ. (കുറഞ്ഞത് 5 സെ.മീ.വികസിപ്പിക്കാൻ കഴിയണം.) ശാരീരിക യോഗ്യതയുടെ കാര്യത്തിൽ ഒരു പ്രത്യേക വിഭാഗത്തിനും ഇളവ് അനുവദിക്കുന്നതല്ല.

(ബി) കാഴ്ച ശക്തി- കണ്ണട ഉപയോഗിക്കാതെ താഴെപ്പറയുന്ന നിർദ്ദിഷ്ട കാഴ്ചശക്തി ഉണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | വലതുകണ്ണ് | ഇടതുകണ്ണ് |
|---|---|---|
| ദൂരകാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| സമീപകാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

കുറിപ്പ്– ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം. കളർബ്ലൈൻഡ്നസ്, സ്ക്വിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ, കൺപോളകളുടെയോ രോഗാതുരമായിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കും

(സി) മുട്ടുതട്ട്, പരന്നപാദം, ഞരമ്പ്വീക്കം,വളഞ്ഞകാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല്, ഉന്തിയപല്ലുകൾ, കൊഞ്ഞ, കേൾവിയിലും, സംസാരരീതിയിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള പ്രത്യേക ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കും.

(ഡി) ശാരീരിക ക്ഷമത,കാഴ്ച ശക്തി എന്നിവ സംബന്ധിച്ച് താഴെപ്പറയുന്ന മാതൃകയിലുള്ള അസ്സൽ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ കായിക ക്ഷമതാ പരിശോധന സമയത്ത് ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ടതാണ്. ശാരീരിക ക്ഷമത സംബന്ധിച്ച സർട്ടിഫിക്കറ്റ് അസ്സിസ്റ്റന്റ് സർജനിൽ കുറയാത്ത പദവിയിലുള്ള സർക്കാർ സർവ്വീസിലുള്ള മെഡിക്കൽ ആഫീസറും, കാഴ്ചശക്തി സംബന്ധിച്ച സർട്ടിഫിക്കറ്റ് നേത്രരോഗചികിത്സയിൽ യോഗ്യത നേടിയിട്ടുള്ള അസ്സിസ്റ്റന്റ് സർജനിൽ കുറയാത്ത പദവിയിലുള്ള സർക്കാർ സർവ്വീസിലുള്ള മെഡിക്കൽ ആഫീസറും നല്കിയതായിരിക്കണം.

**Medical Certificate Form**

**Form of Medical Certificate I (ശാരീരിക ക്ഷമത സംബന്ധിച്ച്)**

I have this day, medically examined Sri........................................................ and found that he has no disease or infirmity which would render him unsuitable for Government Service. His age, according to his own statement is ............. and by appearance is ..........................

Place :
Date :

(Seal)

Signature
Name & Designation of the
Medical Officer

## Form of Medical Certificate II (കാഴ്ചശക്തി സംബന്ധിച്ച്)

I have this day, medically examined Sri........................................................... and found that he has no disease or infirmity which would render him unsuitable for Government Service. His age, according to his own statement is ............. and by appearance is ..........................and his standards or vision are as follows.

### Standards of vision (without glass)

| | | Right Eye | Left eye |
|---|---|---|---|
| 1. | Distant Vision | ............snellen | ..............snellen |
| 2. | Near Vision | ............snellen | ..............snellen |

3. Field of vision ...................................
   (Specify whether field of vision is full or not. Entries such as normal, good etc....are inappropriate here )
4. Colour Blindness ....................
5. Squint ...................................
6. Any Morbid condition of the eye or lids of either eyes.

He is physically fit for the post of police constable (India Reserve Battalion) in Police Department.

Place
Date

Signature
Name and designation of the
Medical Officer

(seal)

കുറിപ്പ് :- കാഴ്ച ശക്തിയെ സംബന്ധിച്ച് വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. "വിഷൻ - നോർമൽ" എന്നിങ്ങനെയുള്ള അവ്യക്തമായുള്ള പ്രസ്താവനകൾ സ്വീകരിക്കപ്പെടുന്നതല്ല മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലാത്ത സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്നതല്ല

തിരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ-

(9) **എൻഡ്യൂറൻസ് ടെസ്റ്റ് (യോഗ്യതാപരീക്ഷ):** അപേക്ഷ അയച്ച എല്ലാ ഉദ്യോഗാർത്ഥികൾക്കുമായി ഒരു എൻഡ്യൂറൻസ് ടെസ്റ്റ് (Endurance Test- കായികശേഷി പരീക്ഷ) നടത്തുന്നതാണ്. 25 മിനിട്ടിനുള്ളിൽ 5 കിലോമീറ്റർ ദൂരം ഓടി എത്തണമെന്നുള്ള യോഗ്യതാസ്വഭാവമുള്ള പരീക്ഷയാണിത്. ഉദ്യോഗാർത്ഥികൾക്ക് ഇതു സംബന്ധിച്ച വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല. എന്നാൽ എൻഡ്യൂറൻസ് ടെസ്റ്റിനുള്ള അഡ്മിഷൻ ടിക്കറ്റുകൾ ഉദ്യോഗാർത്ഥികൾക്ക് KPSC യുടെ Website ആയ www.keralapsc.org ലുള്ള Link-ൽ നിന്നും download ചെയ്യെടുക്കാവുന്നതാണ്. ഉദ്യോഗാർത്ഥികൾ ONLINE ആയി അപേക്ഷിക്കുമ്പോൾ അവരുടെ സ്വീകാര്യമായ അപേക്ഷയുടെ രസീത് എടുത്ത് സൂക്ഷിക്കേണ്ടതും ബാർകോഡ് നമ്പർ രേഖപ്പെടുത്തി വയ്ക്കേണ്ടതുമാണ്.

(10) <u>എഴുത്തുപരീക്ഷ/ഒ.എം.ആർ ടെസ്റ്റ്.</u>

Endurance Test-ൽ യോഗ്യത നേടുന്ന ഉദ്യോഗാർത്ഥികൾക്കായി ഒരു എഴുത്തുപരീക്ഷ / ഒ.എം.ആർ പരീക്ഷ നടത്തുന്നതാണ്. പൊതുവിലുള്ള പ്രകടനത്തിനും ബോർഡ് നിശ്ചയിക്കുന്ന കുറഞ്ഞ യോഗ്യതാമാർക്കിനും അനുസൃതമായി എഴുത്തുപരീക്ഷയിൽ ലഭിക്കുന്ന മാർക്ക് സെലക്ഷൻ പ്രക്രിയയിൽ റാങ്ക് നിർണ്ണയിക്കുന്നതിന് 50% വെയിറ്റേജ് (Weightage) ആയി കണക്കാക്കുന്നതാണ്.

(11) **<u>കായിക ക്ഷമത പരീക്ഷ</u>**

ഒ.എം.ആർ പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ മെയിൻ ലിസ്റ്റും സംവരണ സമുദായക്കാർക്കായി ആവശ്യമായത്ര പേർ ഉൾക്കൊള്ളുന്ന സപ്ലിമെന്ററി ലിസ്റ്റും പ്രസിദ്ധീകരിക്കും. മേൽപ്പടി ലിസ്റ്റിലുള്ള ഓരോ ഉദ്യോഗാർത്ഥിയേയും താഴെപ്പറയുന്ന വിധത്തിലുള്ള കായിക ക്ഷമതാ പരീക്ഷയ്ക്ക് ക്ഷണിക്കുന്നതാണ്.

**കുറിപ്പ്:** കായിക ക്ഷമതാ പരീക്ഷാ സമയത്ത് ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ എടുക്കുന്നതും നിർദ്ദിഷ്ട ശാരീരിക യോഗ്യതയില്ലാത്ത ഉദ്യോഗാർത്ഥികളെ കായിക ക്ഷമതാ പരീക്ഷക്ക് വിധേയരാക്കുന്നതുമല്ല.

**<u>കായികക്ഷമതാ നിലവാരം</u>**

| ക്രമ നമ്പർ | ഇനങ്ങൾ | ഒരു നക്ഷത്രം | രണ്ടുനക്ഷത്രം | മൂന്നുനക്ഷത്രം |
|---|---|---|---|---|
| 1 | 100 m ഓട്ടം | 14 സെക്കന്റ് | 13 സെക്കന്റ് | 12 സെക്കന്റ് |
| 2 | ഹൈജമ്പ് | 132.20 സെ.മി.(4'6") | 152.40 സെ.മി.(5') | 160 സെ.മി.(5'3") |
| 3 | ലോംഗ്ജമ്പ് | 457.20 സെ.മി.(15') | 518.20 സെ.മി (17') | 579.10 സെ.മി.(19') |
| 4 | ഷോട്ട്പുട്ട്(7264 ഗ്രാം) | 609.60 സെ.മി.(20') | 731.50 സെ.മി.(24') | 853.40 സെ.മി.(28') |
| 5 | ക്രിക്കറ്റ്ബോൾ എറിയുന്നത് | 6096 സെ.മി. (200') | 6558 സെ.മി. (225') | 8382 സെ.മി.(275') |
| 6 | റോപ്പ് ക്ലൈമ്പിംഗ് (കൈ ഉപയോഗിച്ച്) | 365.80 സെ.മി. (12') | 426.20 സെ.മി.(14') | 487.70 സെ.മി. (16') |
| 7 | പുൾഅപ്പ്(ചിന്നിംഗ്) | 8 തവണ | 10 തവണ | 15 തവണ |
| 8 | 1500 മീ. ഓട്ടം | 5 മിനിറ്റ് 44 സെക്കന്റ് | 5 മിനിറ്റ് 15 സെക്കന്റ് | 5 മിനിറ്റ് |

ഒരു നക്ഷത്ര യോഗ്യത പട്ടികയിലെ ഓരോ ഇനത്തിനും 3 മാർക്ക് വീതവും രണ്ടു നക്ഷത്ര യോഗ്യത പട്ടികയിലെ ഓരോ ഇനത്തിനും 5 മാർക്ക് വീതവും മൂന്നു നക്ഷത്രയോഗ്യത പട്ടികയിലെ ഓരോ ഇനത്തിനും 6 മാർക്കും നൽകുന്നതാണ്. മൂന്നു നക്ഷത്രനിലവാരത്തിനേക്കാൾ 10% ഉയർന്ന പ്രകടനം ഏതെങ്കിലും ഒരിനത്തിൽ കാഴ്ചവയ്ക്കുന്ന ഉദ്യോഗാർത്ഥിക്ക് 1 മാർക്ക് ബോണസായി നൽകുന്നതും, എന്നാൽ ആകെ നൽകുന്ന ബോണസ്സ് മാർക്ക് 2 ആയി നിജപ്പെടുത്തിയിട്ടുള്ളതുമാണ്. കായികക്ഷമതാ പരീക്ഷയിൽ യോഗ്യത നേടണമെങ്കിൽ ഒരു ഉദ്യോഗാർത്ഥിക്ക് കുറഞ്ഞത് 20 മാർക്കും 5 ഇനങ്ങളിൽ മിനിമം യോഗ്യതയും നേടിയിരിക്കേണ്ടതാണ്. കായിക ക്ഷമതാ പരീക്ഷക്ക് ആകെ ലഭിച്ച പോയിന്റുകൾ ബാക്കിവരുന്ന 50% വെയിറ്റേജിനു കണക്കാക്കുന്നതാണ്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നതിനു ബോർഡ് നിശ്ചയിക്കുന്ന ഏറ്റവും കുറഞ്ഞ മാർക്കിന് വിധേയമായി എഴുത്തുപരീക്ഷയിലും കായികക്ഷമതാ പരീക്ഷയിലും ലഭിച്ച ആകെ മാർക്കിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്.

കായികക്ഷമതാ പരീക്ഷയിൽ യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ ബോർഡ് നിശ്ചയിക്കുന്ന പ്രകാരമുള്ള വൈദ്യപരിശോധന, ശാരീരിക പരിശോധന, മനഃശാസ്ത്ര പരിശോധന, പെരുമാറ്റ സ്വഭാവ പരിശോധന എന്നിവയ്ക്ക് വിധേയരാക്കുന്നതും ആയതിൽ അയോഗ്യരെന്നു കാണുന്ന ഉദ്യോഗാർത്ഥികളെ റാങ്ക് ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതുമാണ്.

(12) <u>നിയമനത്തിനുള്ള റിസർവ്വേഷൻ</u>

മറ്റ് സർക്കാർ സർവ്വീസിലേക്കുള്ള നിലവിലുള്ള റിസർവ്വേഷൻ രീതി ഈ നിയമനത്തിനും ബാധകമായിരിക്കും. എന്നാൽ തിരഞ്ഞെടുപ്പ് മാനദണ്ഡത്തിൽ യാതൊരു ഇളവും അനുവദിക്കുന്നതല്ല.

(13) <u>ട്രെയിനിംങ്</u>–

ഇൻഡ്യാ റിസർവ്വ് ബറ്റാലിയന്റെ കമാൻഡോ വിഭാഗത്തിലേക്ക് പോലീസ് കോൺസ്റ്റബിൾ (ട്രെയിനി) ആയി തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ നിശ്ചിത സിലബസ് പ്രകാരമുള്ള ട്രെയിനിംങിന് വിധേയരാകേണ്ടതാണ്. ഇൻഡ്യാ റിസർവ്വ് ബറ്റാലിയനിലേക്ക് തിരഞ്ഞെടുത്ത ഉദ്യോഗാർത്ഥികളുടെ ട്രെയിനിംങിന്റെ കാലാവധി 9 മാസം വീതമുള്ള രണ്ടുഘട്ടങ്ങളിലായി 18 മാസമായിരിക്കും. സംസ്ഥാനത്തിന് അകത്തോ പുറത്തോ ഉള്ള ട്രെയിനിംങ് സ്ഥാപനങ്ങളിലായിരിക്കും ആദ്യഘട്ട അടിസ്ഥാന ട്രെയിനിംങ് നൽകുന്നത്. രണ്ടാംഘട്ടത്തിൽ ആർമിയുമായോ NSG യുമായോ മറ്റ് C.P.M.F കളുമായോ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ കമാൻഡോ പരിശീലനമായിരിക്കും. ആദ്യഘട്ട ട്രെയിനിംങ് ആറു മാസവും, മൂന്ന്മാസവും ദൈർഘ്യമുള്ള രണ്ട് പാദമായി തിരിച്ചിട്ടുണ്ട്. നിയമനം നേടിയ ഉദ്യോഗാർത്ഥികൾക്ക് ആദ്യഘട്ടപരിശീലനത്തിന് ശേഷം പരീക്ഷ നടത്തുന്നതായിരിക്കും ഇതിൽ പരാജയപ്പെടുന്ന

ഉദ്യോഗാർത്ഥികൾക്ക് ഒരു വർഷത്തിന് അകംതന്നെ രണ്ട് അവസരം നല്കുന്നതായിരിക്കും. ഈ അവസരത്തിലും പരാജയപ്പെടുന്ന ഉദ്യോഗാർത്ഥികളെ പുറംതള്ളുന്നതാണ്. കമാൻഡോസ് അധികമായി ഒരു പ്രത്യേക ട്രെയിനിംഗ് കൂടി പാസ്സാകേണ്ടതുണ്ട്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന ഉദ്യോഗാർത്ഥികളെ ഇൻഡ്യാറിസർവ്വ് ബറ്റാലിയനിലേക്ക് പോലീസ് കോൺസ്റ്റബിൾ (കമാൻഡോ) ആയി നിയമിക്കുന്നതായിരിക്കും. പരിശീലന കാലാവധി പ്രൊബേഷനോ, ശബള വർദ്ധനവിനോ കണക്കാക്കപ്പെടുകയില്ല

**(14) സ്റ്റൈപന്റ്**

പരിശീലന കാലയളവിൽ പോലീസ് കോൺസ്റ്റബിൾ (ഇൻഡ്യാ റിസർവ്വ് ബറ്റാലിയൻ) തസ്തികയ്ക്ക് ലഭിക്കുന്ന അടിസ്ഥാന ശമ്പളത്തിന് തുല്യമായതോ അല്ലെങ്കിൽ ഗവൺമെന്റ് കാലാകാലങ്ങളിൽ തീരുമാനിക്കപ്പെടുന്നതോ ആയ സ്റ്റൈപ്പെന്റിനും ഇവർക്ക് അർഹതയുണ്ടായിരിക്കും.

**(15) പ്രൊബേഷൻ**

ഈ തസ്തികയിലേക്ക് നിയമിക്കപ്പെടുന്നയാൾ ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കിയതിനുശേഷം തുടർച്ചയായ മൂന്നുവർഷത്തിനുള്ളിൽ രണ്ടുവർഷം പ്രൊബേഷനിൽ ആയിരിക്കും.

**(16) ബോണ്ട്**

ഈ തസ്തികയിലേക്ക് നിയമിക്കപ്പെടുന്നയാൾ ട്രെയിനിംഗ് പൂർത്തിയാക്കിയതിനു ശേഷം ഇൻഡ്യാറിസർവ്വ് ബറ്റാലിയനിൽ കുറഞ്ഞപക്ഷം 5 വർഷം സേവിച്ചുകൊള്ളാമെന്നും ഇതിൽ വീഴ്ച വരുത്തിയാൽ 50,000 രൂപ അടച്ചുകൊള്ളാമെന്നും വ്യവസ്ഥചെയ്യുന്ന ഒരു ബോണ്ട് ഹാജരാക്കേണ്ടതാണ്.

**(17) സ്പെഷ്യൽ അലവൻസ്**

ഈ തസ്തികയിലേക്ക് നിയമിക്കപ്പെടുന്നവർക്ക് സാധാരണ ശമ്പളത്തിനും അലവൻസുകൾക്കും പുറമേ ഗവൺമെന്റ് കാലാകാലങ്ങളിൽ അനുവദിക്കുന്ന സ്പെഷ്യൽ അലവൻസും സ്പെഷ്യൽ ഡയറ്റ് അലവൻസും ലഭിക്കുന്നതാണ്.

**(18) സേവനമേഖല**

നിയമനം നേടിയവർ ഇൻഡ്യയിൽ എവിടെയും അല്ലെങ്കിൽ ഇൻഡ്യാഗവൺമെന്റിന്റെ കീഴിൽ എവിടെയും അല്ലെങ്കിൽ മറ്റ് സംസ്ഥാന ഗവൺമെന്റുകളുടെ കീഴിൽ സേവനം അനുഷ്ഠിക്കാൻ ബാദ്ധ്യസ്ഥരായിരിക്കും.

**(19) കമാൻഡോവിംങ്ങിൽ നിന്നും റെഗുലർ വിങ്ങിലേക്കുള്ള സ്ഥലംമാറ്റം**

ട്രെയിനിംങ് കാലയളവ് മുതൽ 10 വർഷത്തെ സേവനം പൂർത്തിയാക്കിയ (ട്രെയിനിംഗ് കാലയളവിന് ശേഷമുള്ള സർവ്വീസിൽ ശൂന്യവേതന അവധി എടുത്തിട്ടുണ്ടെങ്കിൽ ആയത് ഒഴിച്ച് 10 വർഷം പൂർത്തിയാക്കിയിരിക്കണം) കമാൻഡോവിംങ്ങിലെ കോൺസ്റ്റബിൾമാരെ അവരുടെ താൽപര്യപ്രകാരം റെഗുലർ വിങ്ങിലേക്കോ ഡിസ്ട്രിക്റ്റ് ആംഡ് റിസർവ്വിലേക്കോ ഉള്ള മാറ്റത്തിന് പരിഗണിക്കുന്നതായിരിക്കും. ഇതുകൂടാതെ മറ്റ് പോലീസ് ട്രെയിനിംങ് ഇൻസ്റ്റിറ്റ്യൂഷനിലേക്കോ സെക്യൂരിറ്റിയുമായി ബന്ധപ്പെട്ട സ്പെഷ്യൽ യൂണിറ്റിലേക്കോ റാങ്കോ, ശമ്പളമോ സീനിയോറിറ്റിയോ നഷ്ടപ്പെടാതെ തന്നെ മാറ്റത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. 40 വയസ്സ് പൂർത്തിയാകുന്നതുവരെ ഒരു കോൺസ്റ്റബിളിന് കമാൻഡോവിംങ്ങിൽ തുടരാൻ കഴിയുന്നതും

ആയതിന് ശേഷം ഇൻഡ്യാറിസർവ്വ് ബറ്റാലിയനിലെ മറ്റ് വിങ്ങിലേക്ക് മാറ്റപ്പെടാവുന്നതുമാണ്.

**(20) ആംഡ് റിസർവ്വിലേക്കുള്ള സ്ഥലംമാറ്റം**

ട്രെയിനിംങ് കാലയളവ് മുതൽ 10 വർഷത്തെ സേവനം പൂർത്തിയാക്കിയ (ട്രെയിനിംഗ് കാലയളവിന് ശേഷമുള്ള സർവ്വീസിൽ ശൂന്യവേതന അവധി എടുത്തിട്ടുണ്ടെങ്കിൽ ആയത് ഒഴിച്ച് 10 വർഷം പൂർത്തിയാക്കിയിരിക്കണം). കമാൻഡോവിംങ്ങിലെ കോൺസ്റ്റബിൾമാരെ അവരുടെ താൽപര്യപ്രകാരം ഡിസ്ട്രിക്റ്റ് ആംഡ് റിസർവ്വിലേക്കുള്ള മാറ്റത്തിന് പരിഗണിക്കുന്നതായിരിക്കും. ഇപ്രകാരം ആംഡ് റിസർവ്വിലേക്ക് മാറ്റപ്പെട്ടവരുടെ സീനിയോരിറ്റി സ്പെഷ്യൽ സെലക്ഷൻ ബോർഡിന്റെ അഡ്വൈസ് തീയതി മുതല്ക്കായിരിക്കും.

**(21) പ്രമോഷൻ**

മൂന്നുവർഷത്തെ സേവനവും നിശ്ചിത പരീക്ഷയും പാസാകുന്നവർ ഇൻഡ്യാറിസർവ്വ് ബറ്റാലിയനിലെ ഹെഡ് കോൺസ്റ്റബിൾ റാങ്കിലേക്ക് പ്രമോട്ട്ചെയ്യാൻ യോഗ്യതയുള്ളവരായിരിക്കും. കമാൻഡോ വിഭാഗത്തിലെ കോൺസ്റ്റബിൾമാരും ഇൻഡ്യാറിസർവ്വ് ബറ്റാലിയനിലെ റെഗുലർ വിഭാഗത്തിൽ ഹെഡ് കോൺസ്റ്റബിൾമാരായി പ്രമോഷന് അർഹരായിരിക്കും.

**പ്രത്യേകശ്രദ്ധയ്ക്ക് -**

ഇൻഡ്യാറിസർവ്വ് ബറ്റാലിയനിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ പ്രത്യേകതരത്തിലുള്ള പരിശീലനങ്ങൾക്ക് തുടർച്ചയായി വിധേയരാകേണ്ടതുണ്ട്. അവർ കഠിനവും അപകടകരവുമായ സാഹചര്യങ്ങളിൽ പ്രവർത്തിക്കേണ്ടതും, സുരക്ഷ ഉറപ്പാക്കുന്നതിനും മറ്റുള്ളവരുടെ ജീവൻ രക്ഷിക്കുന്നതിനും ജീവാർപ്പണം ചെയ്യുവാൻ സന്നദ്ധരുമായിരിക്കണം.

**അപേക്ഷ സമർപ്പിക്കേണ്ട വിധം**

അപേക്ഷകൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷന്റെ വെബ് സൈറ്റിലൂടെ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കുന്നതു സംബന്ധിച്ച വിശദ വിവരങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വെബ്സൈറ്റായ **www.keralapsc.org** യിൽ നിന്നും ലഭിക്കുന്നതാണ്. അപേക്ഷഫീസ് ഉണ്ടായിരിക്കുന്നതല്ല തുടർന്നുള്ള അന്വേഷണങ്ങൾക്ക്/കത്തിടപാടുകൾക്ക് അപേക്ഷയിലുള്ള ബാർകോഡ് നമ്പർ സൂചിപ്പിക്കേണ്ടതാണ്.

എൻഡ്യൂറൻസ് ടെസ്റ്റിന് ഉദ്യോഗാർത്ഥികൾക്ക് പ്രത്യേകം പ്രത്യേകം മെമ്മോ അയയ്ക്കുന്നതല്ല എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വെബ് സൈറ്റായ www.keralapsc.org യിൽ നിന്നും ഡൗൺലോഡ് ചെയ്ത അഡ്മിറ്റ്കാർഡുകൾ എൻഡ്യൂറൻസ് ടെസ്റ്റ് സമയത്ത് ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ ഓൺലൈൻ ആപ്ലിക്കേഷൻ സമർപ്പിക്കുന്ന സമയത്ത് ലഭിക്കുന്ന receipt-ഉം ബാർകോഡ് നമ്പരും എടുത്തു സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥിയുടെ ബാർകോഡ് നമ്പരും ജനനതീയതിയും നല്കിയാൽ മാത്രമേ അഡ്മിറ്റ്കാർഡ് ഡൗൺലോഡ് ചെയ്യാൻ കഴിയുകയുള്ളൂ. എൻഡ്യൂറൻസ് ടെസ്റ്റ് സമയത്ത് ഉദ്യോഗാർത്ഥികൾ മൂന്നു മാസത്തിനകം എടുത്ത പാസ്സ്പോർട്ട് സൈസിലുള്ള

ഫോട്ടോഗ്രാഫും പ്രായം തെളിയിക്കുന്ന സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റും അഡ്മിറ്റ് കാർഡിനോടൊപ്പം ഹാജരാക്കേണ്ടതാണ്. എൻഡ്യൂറൻസ് ടെസ്റ്റിന്റെ തീയതിയും

സമയവും സ്ഥലവും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വെബ്സൈറ്റിലൂടെയും ദിനപത്രങ്ങളിലൂടെയും പ്രസിദ്ധീകരിക്കുന്നതാണ്.

എഴുത്തുപരീക്ഷയിലും കായികക്ഷമതാ പരീക്ഷയിലും ലഭിച്ച ആകെ മാർക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ നിയമനത്തിനായി ശുപാർശ ചെയ്യുന്നതാണ്. റാങ്ക്ലിസ്റ്റ് നിലവിൽവരുന്ന തീയതി മുതൽ ഒരുവർഷമോ അഥവാ ഒരു വർഷത്തിനകം റാങ്ക് ലിസ്റ്റിൽ നിന്നും അവസാനമായി തെരഞ്ഞെടുക്കപ്പെടുന്നവരുടെ പരിശീലനം തുടങ്ങുന്ന തീയതി മുതൽ ഒരു മാസമോ ഏതാണ് അവസാനമായി വരുന്നത് അതുവരെയായിരിക്കും ഈ ലിസ്റ്റിനു പ്രാബല്യമുണ്ടായിരിക്കുന്നത്.

വെബ് സൈറ്റിൽ നല്കിയിട്ടുള്ള നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അപേക്ഷ സമർപ്പിച്ചതിനുള്ള തെളിവായി ഉദ്യോഗാർത്ഥികൾ പ്രിന്റൗട്ടുകൾ എടുത്ത് സൂക്ഷിക്കേണ്ടതാണ്.

അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതി 30/12/09 വൈകുന്നേരം 5.00 മണിവരെ ആയിരിക്കും.

കൺവീനർ
സ്പെഷ്യൽ സെലക്ഷൻബോർഡ്